പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 422 21.7.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ<br>,, പി.കെ.ഗുരുദാസൻ<br>,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, കെ.വി.അബ്ദുൾ ഖാദർ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിന് സമർപ്പിച്ച എം. മുരളി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ജൂൺ 25 ന് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ ശുപാർശകൾ നൽകുന്നതിന് സംസ്ഥാന സർക്കാർ, ശ്രീ. എം.മുരളി (എക്സ് എം.എൽ.എ) അദ്ധ്യക്ഷനായ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. കമ്മിറ്റി വിശദമായ പഠനങ്ങൾക്ക് ശേഷം പദ്ധതി കാര്യക്ഷമമാക്കുന്നതിനുള്ള ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കമ്മിറ്റി നിർദ്ദേശിച്ച ശുപാർശകൾ സർക്കാർ പഠിച്ച് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ച് വരുന്നു. ശ്രീ. എം.മുരളി (എക്സ് എം.എൽ.എ) അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ടിൻമേൽ കേന്ദ്രസർക്കാർ ജൂൺ 25 ന് പുതിയ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | എങ്കിൽ ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ബാധകമല്ല |
| (സി) | ഉത്തരവ് കാർഷികമേഖലയ്ക്ക് അനുകൂലമെങ്കിൽ, കാർഷിക മേഖലയിലെ എല്ലാ ജോലികളും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് ഇറക്കാൻ തയ്യാറാകുമോ; | (സി) & (ഡി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 ഖണ്ഡിക 4(1) പ്രകാരം കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുവാദമുള്ളു. പ്രസ്തുത പട്ടികയിലെ ഖണ്ഡിക 4(3) പ്രകാരം, പ്രകടമല്ലാത്തതും, അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും, പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തനസ്വഭാവമുള്ള പ്രവൃത്തികളും ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലായെന്ന് അനുശാസിച്ചിട്ടുണ്ട്. അതോടൊപ്പം, ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ |
| (ഡി) | ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | അടങ്കൽ തുകയുടെ 60 ശതമാനത്തിൽ കുറയാത്ത തുക കാർഷിക/അനുബന്ധ മേഖലയിൽ വിനിയോഗിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>ഈ വ്യവസ്ഥകളുടെ പശ്ചാത്തലത്തിൽ ശ്രീ. എം.മുരളി കമ്മിറ്റി സംസ്ഥാന സർക്കാരിന് സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ 2015 ജൂൺ മാസം 1-ാം തീയതി തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ ഗ്രൂപ്പുകൾ രൂപീകരിച്ച് അതിലൂടെ പാട്ടത്തിന് ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടു വിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം നെൽകൃഷി, പച്ചക്കറി കൃഷി, ഇടവിള കൃഷി, വാഴകൃഷി, ഹ്രസ്വകാല പ ഴകൃഷി, പുഷ്പ -ഔഷധസസ്യകൃഷി എന്നിവ പ ട്ട കൃഷിയിലൂടെ തൊഴിലുറപ്പ് തൊഴിലാളികളുടെ ഗ്രൂപ്പുകൾക്ക് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം പാട്ടകൃഷി തൊഴിലുറപ്പ് തൊഴിലാളി ഗ്രൂപ്പുകൾ ഏറ്റെടുക്കുമ്പോൾ, പ്രസ്തുത കൃഷിയിൽ പ്രകടമല്ലാത്തതും, അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്ത പ്രവൃത്തികൾ, ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ എന്നിവ ഏറ്റെടുക്കുവാൻ പാടില്ലായെന്നും നിഷ്കർഷി ച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ